വിദ്യുച്ഛക്തി ബോർഡിലെ ശമ്പള വർദ്ധനവ്

832. [1262] ശ്രീ. ലോനപ്പൻ നമ്പാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യുച്ഛക്തി ബോർഡിലെ ശമ്പള വർദ്ധനവുമൂലം ബോർഡിന് ആണ്ടിൽ വരുന്ന അധികച്ചെലവ് എത്രയാണ്;

(ബി) ബോർഡിൽ ഒരു വർഷം വരുന്ന ചെലവെത്രയാണ്;

(സി) ഒരു വർഷം ഉണ്ടാകുന്ന വരവെത്രയാണ്?

ഉത്തരം

(എ) ഏകദേശം നാലരക്കോടി രൂപാ

(ബി) വിദ്യുച്ഛക്തി ബോർഡിന്റെ 1977-78-ൽ ഗവൺമെന്റിനു പലിശയിനത്തിൽ കൊടുക്കാനുള്ള തുക ഉൾപ്പെടെയുള്ള ആകെ ചെലവ് 6123.76 ലക്ഷം രൂപയാണ്.

(സി) വിദ്യുച്ഛക്തി ബോർഡിന് 1977-78-ൽ സബ്സിഡി ഉൾപ്പെടെയുള്ള വരുമാനം 6208.93 ലക്ഷം രൂപയാണ്.

ഇലക്ട്രിസിറ്റി ബോർഡിൽ ശമ്പള പരിഷ്ക്കരണത്തിനു മോറട്ടോറിയം

833. [1269] ശ്രീ. ലോനപ്പൻ നമ്പാടൻ: താഴെ കാണുന്ന ചോദ്യത്തിനു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

ബോർഡിൽ ശമ്പള പരിഷ്ക്കരണത്തിനു ഒരു മോറട്ടോറിയം ഏർപ്പെടുത്തി ബോർഡിനെ ലാഭകരമാക്കി പ്രവർത്തിപ്പിക്കാനും അധികം വരുന്ന സ്റ്റാഫിനെ നിയന്ത്രിച്ച് ഭാവിയിൽ പുതിയ നിയമനം നടത്താതിരിക്കാനും വേണ്ട നടപടികൾ എടുക്കുമോ?

ഉത്തരം

കേരള വിദ്യുച്ഛക്തി ബോർഡ് സ്വീകരിച്ചു വരുന്ന തൊഴിൽ ബന്ധനയം തൊഴിലാളി യൂണിയനുകളുമായി ഉൽപ്പാദന ക്ഷമത ബന്ധപ്പെടുത്തി സേവന വേതന വ്യവസ്ഥകൾ സംബന്ധിച്ച ദീർഘ കാല കരാറിൽ ഏർപ്പെടുക എന്നതാണ്. അതിനാൽ തൊഴിലാളി യൂണിയനുകളുടെ സഹകരണമില്ലാതെ ശമ്പളപരിഷ്ക്കരണം, സേവന വ്യവസ്ഥകൾ തുടങ്ങിയ കാര്യങ്ങളിൽ മാനേജുമെന്റിന് ഏകപക്ഷീയമായ ഒരു തീരുമാനം എടുക്കാൻ നിർവ്വാഹമില്ല.

LIBRARY ARCHIVES Kerala Legislative Assembly